കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് (MSME) യൂണിറ്റുകൾക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി 31.10.2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം. 836/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,07/05/2020

പരാമർശം: 1)സ.ഉ. (സാധാ) നം. 509/2020/ത.സ്വ.ഭ.വ തീയതി 28.02.2020.

2)സ.ഉ.(സാധാ) നം.695/2020/ത.സ്വ.ഭ.വ. തീയതി 20.03.2020.

3)22.04.2020 തീയതിയിലെ വ്യവസായ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ No.92/Prl.Secy/Ind&Norka/2020- ാം നമ്പർ കുറിപ്പ് .

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അവസാന തീയതി പരാമർശം (1) പ്രകാരം 28.02.2020 തീയതി വരെയും പരാമർശം (2) പ്രകാരം 30.04.2020 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് ലൈസൻസ് പുതുക്കുന്നതിനുള്ള സമയപരിധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കുറിപ്പ് ലഭ്യമായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് (MSME) യൂണിറ്റുകൾക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അവസാന തീയതി 31.10.2020 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

Scanned with CamScanner